

പ്രകൃതിയിലെ പാട്ടുകാരാണ് പക്ഷികൾ. പക്ഷികളുടെ പാട്ട് കേട്ടുകൊണ്ടായിരിക്കും നമ്മൾ അധികപേരും കാലത്ത് ഉണരുന്നതുതന്നെ. ഇവയുടെ കൂടുകൾ ചങ്ങാതിമാർ കണ്ടിട്ടുണ്ടോ?

# പക്ഷിക്കൂട് വിശേഷങ്ങൾ



• ഗിഫു മേലാറ്റൂർ

കൊച്ചു കൊക്കും രണ്ട് ഈർക്കിലിക്കാലുകളുംകൊണ്ട് പക്ഷികൾ ചമയ്ക്കുന്ന കൂടുകൾ കണ്ടാൽ നമ്മൾ അതിശയിച്ചുപോകും! മുട്ടയിടാനും കുഞ്ഞുങ്ങളെ വളർത്താനും സ്വയരക്ഷക്കുമാണ് പക്ഷികൾ കൂടുണ്ടാക്കുന്നത്. മറ്റു ജീവികളെയപേക്ഷിച്ച് കൂടുണ്ടാക്കുന്നതിൽ പക്ഷികൾ സവിശേഷമായ കരവിരുതാണ് പ്രദർശിപ്പിക്കാറ്.

## ആറ്റക്കുരുവിയുടെ ഊഞ്ഞാൽ വീട്

കൂടുതൽ പക്ഷികളും കൂടുണ്ടാക്കുന്നത് രഹസ്യമായാണ്. മനുഷ്യരോ ശത്രുക്കളായ മറ്റ് ജീവികളോ എളുപ്പത്തിൽ ശ്രദ്ധിക്കാത്തിടങ്ങളിലായിരിക്കും ഇത്. എന്നാൽ പരസ്യമായി, കാണണമെങ്കിൽ കണ്ടോടാ എന്ന മട്ടിൽ കൂടുണ്ടാക്കുന്നവയാണ് ആറ്റക്കുരുവികൾ.

പണ്ടൊക്കെ വയലേലകളിൽച്ചെന്നാൽ ഓരത്തുനിൽക്കുന്ന തെങ്ങ്, പന, കരിമ്പന, മുളങ്കൂട്ടം, കുടപ്പന തുടങ്ങിയവയിൽ അങ്ങിങ്ങു തൂങ്ങിയാടുന്ന കുരുവിക്കൂടുകൾ കാണാമായിരുന്നു.

ആൺപക്ഷികളാണത്രെ ഈ കൂടുണ്ടാക്കുന്നത്. നെല്ലോലകളും നെൽച്ചെടിത്തണ്ടുകളും സമർഥമായി മെടഞ്ഞ്, ഇടയ്ക്ക് കളിമണ്ണും ചേർത്തൊട്ടിച്ചാണ് ആറ്റക്കുരുവികൾ 'ആകാശമേട'യുണ്ടാക്കുന്നത്.

▸▸ ഇന്ത്യയിലെ ആദ്യ സർവ്വമത സമ്മേളനം നടന്നത്– ആലുവ (1924)



കൂടിനുള്ളിൽ ഒരു അറയും അതിനുള്ളിലേക്ക് കടക്കാൻ താഴേയ്ക്ക് തൂങ്ങിക്കിടക്കുന്ന നീണ്ട കുഴൽ പോലെ ഇടുങ്ങിയ പ്രവേശനമാർഗവും കാണാം. തൂങ്ങിക്കിടക്കുന്ന കൂട് കാറ്റിൽ ഉലയുമ്പോൾ മുട്ടകളും കുഞ്ഞുങ്ങളും താഴെ വീഴാതിരിക്കാൻ, മുട്ടയിടുന്ന ഭാഗത്തിനടുത്തായി നാരുകൾകൊണ്ട് അൽപം ഉയർത്തി മെനഞ്ഞിട്ടുണ്ടാകും. മിക്ക കൂടുകളിലും മുട്ടയിടുന്ന അറയ്ക്കു മീതെ ഒന്നോ രണ്ടോ ഉരുള കളിമണ്ണ് പിടിപ്പിക്കാറുണ്ട്.

മരക്കൊമ്പുകളിലുള്ള കൂടുകൾ ഒന്നിനൊന്ന് വ്യത്യസ്തമായവയാണ്. തുറന്ന കോപ്പയുടെ ആകൃതിയിലുള്ളതും ഉരുണ്ട പന്തുപോലുള്ളതും തൊട്ടിലുപോലെ തൂങ്ങിക്കിടക്കുന്നതും കൂട്ടത്തിൽ കാണാം. സൂചിമുഖി, ഇത്തിക്കണ്ണിക്കുരുവി, തേൻ കുരുവി എന്നിവ തൂങ്ങിക്കിടക്കുന്ന കൂടുകളിലാണ് മുട്ടയിടുന്നതും കുഞ്ഞുങ്ങളെ വിരിയിക്കുന്നതും.

മരത്തിൽ ഒത്ത മുകളിലെ ശിഖരങ്ങളിൽ ചുള്ളിക്കമ്പും തൂവലും നാരും പഞ്ഞിയുമൊക്കെ ഉപയോഗിച്ചാണ് കാക്കകൾ കൂട് ചമയ്ക്കുന്നത്. കാണാൻ ഭംഗിയില്ലെങ്കിലും കാക്കയുണ്ടാക്കുന്ന കൂടിന്റെ വൃത്തിയും ചിട്ടയും ഒന്നു വേറെത്തന്നെയാണ്. അതിനടുത്തേക്ക് ആരെയും കാക്ക അടുപ്പിക്കാറില്ല.

## പ്രാവ്

പ്രാവുകളുടെ കൂട്ടത്തിലെ അരിപ്രാവ്, മാടപ്രാവ് തുടങ്ങിയവയാകട്ടെ, അങ്ങോട്ടുമിങ്ങോട്ടും ഓരോ കമ്പുകൾ വെച്ച് കരിയിലയും മറ്റും നിരത്തി അതിലാണ് മുട്ടയിടുന്നത്.



അതിന് മരക്കൊമ്പുകൾ തന്നെ വേണമെന്നില്ല. ഉയർന്ന കെട്ടിടങ്ങളുടെ നിരപ്പായ ഭാഗങ്ങൾ, ജനൽപ്പടികൾ, ദ്വാരങ്ങൾ എല്ലാം പഥ്യം. മനുഷ്യരുടെ സംസർഗം പ്രാവിൻകൂടുകൾക്ക് വളരെ ആവശ്യമെന്ന് തോന്നിപ്പോകും, കൂടു കൂട്ടുന്ന സ്ഥലങ്ങൾ കണ്ടാൽ!

## മരംകൊത്തി

പക്ഷിലോകത്തെ ആശാരിയായാണല്ലോ മരംകൊത്തിയെ നമ്മൾ കാണുന്നത്. തന്റെ ശക്തിയേറിയ കൊക്കുകൊണ്ട് കൊത്തിക്കൊത്തി മരത്തിലുണ്ടാക്കുന്ന മാളത്തിന് നല്ല ആഴമുണ്ടാകും. മരക്കൊമ്പുകളിലും തറയിലുമൊക്കെയാണ് മരംകൊത്തികൾ കൂടു തുരക്കുന്നത്. ശക്തിയേറിയ ഏത് മരക്കൊമ്പും തന്റെ ബലമേറിയ കൊക്കു കൊണ്ട് തുരന്ന് പൊത്തുകളുണ്ടാക്കാൻ ഇവക്ക് കഴിയും. (ഇങ്ങനെ മരംകൊത്തികൾ ഉണ്ടാക്കി ഉപേക്ഷിച്ച കൂടുകൾ പനന്തത്തകളും മറ്റുമൊക്കെ മുട്ടയിടാൻ ഉപയോഗിക്കുന്നതു കാണാം). വളരെ അകലെനിന്നേ ഇവക്ക്

▸▸ മലയാളത്തിലെ ആദ്യ ശബ്ദസിനിമ– ബാലൻ (1938)



## അഞ്ച് ടൺ ഭാരമുള്ള കഴുകൻ കൂട്!

അമേരിക്കയിലെ 'കഷണ്ടിക്കഴുകന്മാ'രുടെ ആനക്കുട്ടിക്ക് കിടക്കാൻ പാകത്തിലുള്ള വീടിനെക്കുറിച്ച് വായിച്ചില്ലേ. അവയുടെ റെക്കോർഡ് ഭേദിക്കുന്ന മറ്റൊരു കൂടിനെക്കുറിച്ചുകൂടി വായിച്ചോളൂ.

ഓസ്ട്രേലിയക്കാരായ ബുഷ്ടർക്കി(ബ്രഷ് ടർക്കി)കളാണീ കൂട് വീരന്മാർ. വലിയ കൊട്ടാരം തന്നെ വേണം ഇവക്ക് മുട്ടയിടാനും അടയിരിക്കാനുമൊക്കെ. കരിയിലയും ചുള്ളിക്കമ്പും കാലുകൊണ്ട് വാരിക്കൂട്ടി ഒരു കൂമ്പാരമുണ്ടാക്കുകയാണ് ആദ്യം ചെയ്യുന്നത്. ബലത്തിന് കളിമണ്ണ് കുഴച്ച് തേച്ചുപിടിപ്പിക്കുകയും ചെയ്യും.

അഞ്ചടി ഉയരവും പതിമൂന്നടി വ്യാസവുമുള്ള കൂടായിരിക്കുമിത്. കൂടുണ്ടാക്കുന്നതിനിടക്ക് ആൺപക്ഷി കൊക്കുകൊണ്ട് മുട്ട വിരിയാനുള്ള ചൂട് അകത്തുണ്ടോ എന്ന് ഇടയ്ക്കിടെ പരിശോധിക്കുകയും ചെയ്യാറുണ്ടത്രേ. ഈ കരിയിലക്കൂടാരത്തിനകത്താണ് പെൺപക്ഷി മുട്ടയിടുന്നത്. ഇത്തരം കൂടുകൾക്ക് അഞ്ച് ടൺ വരെ ഭാരമുണ്ടാകാറുണ്ടത്രേ!

ശബ്ദം കേൾക്കാം.

മാളത്തിന് ഏറ്റവും അകത്ത് ചെറിയൊരറയുണ്ടാകും. മരപ്പൊടിയും പൂപ്പലും നിറച്ച് മൃദുവായ മെത്ത പോലെയായിരിക്കും ഇത്. ഇവിടെയാണ് മരംകൊത്തി മുട്ടയിടുന്നതും കുഞ്ഞുങ്ങളെ വിരിയിക്കുന്നതുമൊക്കെ.

### തറയിൽ കൂടുകൂട്ടുന്നവർ

മുട്ടയിടാൻ കൂടുതന്നെ വേണമെന്നില്ലെന്ന മട്ടുകാരും പക്ഷികളിലുണ്ട്. പാറക്കെട്ടുകളിലും പൊന്തക്കാടുകളിലും വയലേലകൾക്കു സമീപവും മുട്ടയിട്ട് കുഞ്ഞുങ്ങളെ വിരിയിക്കുന്നവരാണ് കുളക്കോഴികളും പൂത്താങ്കീരികളുമെല്ലാം. മാലകണ്ഠൻ, മണൽപ്പുള്ള് തുടങ്ങിയവ മണ്ണിലും മണലിലും ചെറിയ കുഴികളുണ്ടാക്കിയാണ് മുട്ടയിടുന്നത്.

### പക്ഷിക്കൂടുകൾ പലവിധം

മൈനകൾ, തത്തകൾ തുടങ്ങിയവ മരപ്പൊത്തു



*താമരക്കോഴി*

▸▸ കുഞ്ചൻ നമ്പ്യാരുടെ ജൻമസ്ഥലം– കിള്ളിക്കുറിശ്ശി മംഗലം (പാലക്കാട്)





കളിലാണ് മുട്ടയിടുക. ദ്രവിച്ചുതുടങ്ങിയ തെങ്ങ്, പന, കവുങ്ങ് തുടങ്ങിയ മരങ്ങളുടെ ഉയരത്തിൽ കൊത്തിയുണ്ടാക്കുന്ന പൊത്തുകളിലാണ് പനന്തത്തകൾ മുട്ടയിടുന്നത്. താഴെ കാതോർത്താൽ അകത്തുള്ള കുഞ്ഞുങ്ങളുടെ അനക്കവും ഒച്ചയുമൊക്കെ കേൾക്കാം.

കുരുവികൾ മനുഷ്യ സ്പർശമേൽക്കാത്ത കുന്നുകളിലെയും മറ്റും മുൾമരങ്ങളിലും, എത്താച്ചുള്ളികളിലും ഉണങ്ങിയ പുൽനാരുകൊണ്ടാണ് കൂടൊരുക്കുക.

അകം വൃത്താകാരത്തിലായിരിക്കും. മുട്ടകൾ വിരിഞ്ഞ് കുഞ്ഞുങ്ങൾ പറന്നുപോയാൽ അവ കൂടുപേക്ഷിക്കും.

## ചങ്ങാടക്കൂടുണ്ടാക്കുന്നവർ

താമരക്കോഴികൾ വെള്ളവുമായി സമ്പർക്കമുള്ള ഇടങ്ങളിൽ മാത്രമേ കൂടുകൂട്ടാറുള്ളൂ. ജലസസ്യങ്ങളായ ആമ്പൽ, താമര തുടങ്ങിയവയുടെ ഇലകളിലാണ് ഈ പക്ഷികൾ കൂടുണ്ടാക്കുക. വെള്ളത്തിലെ ചെറുജീവികളെ പിടിച്ച് കുഞ്ഞുങ്ങൾക്ക് നൽകാൻ ദൂരെയൊന്നും പോകണ്ടല്ലോ. ആഹാരം കൂടിനടുത്തുതന്നെ.

മുങ്ങാങ്കോഴി എന്ന വിരുതനാണെങ്കിൽ നമ്മുടെ ബീവർ ചേട്ടനെപ്പോലെ വെള്ളത്തിൽ അണകെട്ടിയാണ് കൂടൊരുക്കുന്നത്. വെള്ളത്തിലുള്ള ചണ്ടിയും മറ്റും ശേഖരിച്ച് അതിവൈദഗ്ധ്യത്തോടെ ചങ്ങാടം പോലെയാണ് കൂടൊരുക്കുന്നത്. ഒഴുകിപ്പോകാതിരിക്കാൻ ചങ്ങാടക്കൂടിനെ ഏതെങ്കിലും വേരുമായോ ചെടിയുമായോ ബന്ധിക്കുകയും ചെയ്യും.

## ഗുഹക്കകത്ത് കൂട്

'ഹാപ്പി പ്രിൻസ്' എന്ന അതിമനോഹര കഥയിലെ പ്രതിമ രാജകുമാരന്റെ ചങ്ങാതിയായ കൊച്ചുമീവൽപ്പക്ഷിയെ ഓർക്കുന്നില്ലേ? അവ കൂടുണ്ടാക്കുന്നതെങ്ങനെയെന്നോ? അധികം മനുഷ്യസഞ്ചാരമില്ലാത്ത ഭിത്തികളിലും ഗുഹകൾക്കകത്തും മറ്റും കളിമണ്ണ് കുഴച്ച് കുപ്പി, സോസർ തുടങ്ങിയവയുടെ ആകൃതിയിലാണ് കൂട് പണിതൊരുക്കുന്നത്.

## ചില വീടുവിശേഷങ്ങൾ

മനുഷ്യർ പാർപ്പിടമുണ്ടാക്കി താമസിക്കുന്നതിനൊക്കെ എത്രയോ മുമ്പ് വീടുകളുണ്ടാക്കാൻ പഠിച്ചവരാണ് പക്ഷികളും മൃഗങ്ങളും.

കാലം മാറിയതോടെ മനുഷ്യർ വീടിന്റെ ശൈലിക്കും രൂപത്തിനുമൊക്കെ മാറ്റങ്ങൾ വരുത്തി.

പഴയ ഫാഷനിലൊന്നുമല്ലല്ലോ ഇപ്പോൾ നമ്മൾ വീടുണ്ടാക്കുന്നത്. എന്നാൽ ജന്തുജീവികളാവട്ടെ, പതിനായിരക്കണക്കിന് വർഷങ്ങൾക്കു മുമ്പ് എങ്ങനെയാണോ പാർപ്പിടങ്ങളൊരുക്കിയത്, അതേ ശൈലിതന്നെ ഇന്നും തുടരുന്നു!

▸▸ നാണയത്തിലും തപാലിലും ചിത്രീകരിക്കപ്പെട്ട ആദ്യ മലയാളി– ശ്രീനാരായണഗുരു